പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.684** | **01.12.2015 ൽ മറുപടിയ്ക്ക്** |

## ഭാരത ദർശൻ യാത്രാപദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.എസ്.ശബരീനാഥൻ**<br>**ശ്രീ. വി.റ്റി. ബൽറാം**<br>**ശ്രീ. ഹൈബി ഈഡൻ**<br>**ശ്രീ. ഷാഫി പറമ്പിൽ** | **ശ്രീമതി. പി.കെ. ജയലക്ഷ്മി**<br>**(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)** |
| എ) യുവജനക്ഷേമബോർഡിന്റെ ആഭിമുഖ്യത്തിൽ ഭാരത ദർശൻ യാത്രാ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | എ) ഉണ്ട്. രണ്ട് തരത്തിലുള്ള ഭാരത ദർശൻ യാത്രാ പരിപാടിയാണ് സംഘടിപ്പിച്ചിട്ടുള്ളത്. ജനറൽ വിഭാഗത്തിൽപ്പെട്ട ഭാരത് ദർശൻ യാത്രയാണ് ആദ്യത്തേത്. ഇതിൽ കേരളത്തിലെ യൂത്ത് ക്ലബ്ബുകളിൽ നിന്നുള്ള യുവജന പ്രവർത്തകരെയാണ് പ്രധാനമായും പങ്കെടുപ്പിച്ചിട്ടുള്ളത്. അതോടൊപ്പം സംസ്ഥാന കേരളോത്സവ, നാഷണൽ യുവോത്സവ വിജയികൾ, യൂത്ത് അവാർഡ് ജേതാക്കൾ തുടങ്ങിയവരേയും ഉൾപ്പെടുത്തിയിട്ടുണ്ട്. രണ്ടാമതായി സംഘടിപ്പിക്കപ്പെട്ടിട്ടുള്ള യാത്രയാണ് എസ്.റ്റി ഭാരത് ദർശൻ യാത്ര. പട്ടിക വർഗ്ഗത്തിൽപ്പെട്ട 18 നും 40 നും മധ്യേ പ്രായമുള്ള തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുള്ള യാത്ര യാണ് പട്ടിക വർഗ്ഗ ഭാരതദർശൻ. |
| ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇത് വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | ബി) കേരളത്തിലെ തെരഞ്ഞെടുക്കപ്പെടുന്ന യുവാക്കൾക്ക് ഇന്ത്യ യിലെ വിവിധ സംസ്ഥാനങ്ങളിലുള്ള ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുവാനും, വിവിധ ഭാഷാ സംസ്കാരങ്ങൾ, ആചാരങ്ങൾ, കലാരൂപങ്ങൾ എന്നിവ നേരിട്ട് മനസ്സിലാക്കുന്നതിനും വേണ്ടിയാണ് ഭാരതദർശൻ യാത്ര സംഘടിപ്പിക്കുന്നത്. ജനറൽ വിഭാഗങ്ങൾക്കുള്ള ഭാരതദർശന് യൂത്ത് ക്ലബ്ബുകളിൽ നിന്നുള്ള |

യുവജന പ്രവർത്തകർ, കേരളോത്സവ വിജയികൾ, യൂത്ത് അവാർഡ് ജേതാക്കൾ,

ദേശീയ യുവോത്സവ വിജയികൾ എന്നിവരിൽ നിന്നുമാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്

രണ്ടാമത്തെ ഭാരതദർശനിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 18 നും 40 നും മദ്ധ്യേ പ്രായമുള്ള ജനപ്രതിനിധികളെയാണ് തെരഞ്ഞെടുക്കുന്നത്.

ജനറൽ കാറ്റഗറിയിലുള്ള ഭാരതദർശൻ 2013 ഫെബ്രുവരി 20 ന് തിരുവനന്തപുരത്ത് നിന്ന് ട്രെയിൻ യാത്ര ആരംഭിച്ച് ഗോവ, അഹമ്മദാ ബാദ്, ജോധ്പൂർ, ജയ് പൂർ, ഉദയ് പൂർ, ഹൈദ്രാബാദ് എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് 2013 മാർച്ച് 6 ന് തിരുവനന്തപുരത്ത് തിരിച്ചെത്തി. ഇന്ത്യൻ റെയിൽവേ കാറ്ററിംഗ് & ടൂറിസം കോർപ്പറേഷൻ ലിമിറ്റഡ് വഴിയാണ് യാത്രാ പരിപാടി സംഘടിപ്പിച്ചത്.

ആദ്യ പട്ടിക വർഗ്ഗ ഭാരതദർശൻ 2013 നവംബർ 22 മുതൽ 26 വരെ സംഘടിപ്പിച്ചു. 22-ാം തീയതി കോഴിക്കോട് നിന്ന് വിമാനമാർഗ്ഗം ഡൽഹിയിൽ എത്തുകയും തുടർന്ന് ഡൽഹിയിലെ വിവിധ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിച്ചു. തുടർന്ന് അമൃത്സർ, വാഗാ ബോർഡർ തുടങ്ങിയ സ്ഥലങ്ങളും സന്ദർശിച്ചശേഷം 26-ാം തീയതി തിരുവനന്തപുരത്ത് തിരിച്ചെത്തി.

രണ്ടാമത് പട്ടിക വർഗ്ഗ ഭാരതദർശൻ 2014 നവംബർ 19 മുതൽ 25 വരെയാണ് സംഘടിപ്പിച്ചത്. ഈ യാത്രാ പരിപാടിയുടെ ഭാഗമായി കൽക്കട്ട, കാഠ്മണ്ഡു എന്നിവിടങ്ങളിലെ വിവിധ സ്ഥലങ്ങളാണ് സന്ദർശിച്ചത്.

| | |
|---|---|
| സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | സി) 2013 വർഷത്തിൽ ഭാരത് ദർശൻ യാത്രയും, 2013, 2014 വർഷങ്ങളിൽ എസ്.റ്റി. ഭാരത് ദർശൻ യാത്രയും സംഘടിപ്പിച്ചിട്ടുണ്ട്. 2015 |

വർഷത്തിൽ എസ്.റ്റി. ഭാരത് ദർശൻ സംഘടിപ്പിക്കുന്നതിനായി 15 ലക്ഷം രൂപ ബോർഡിന്റെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ